## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158 — 14.08.2017 ൽ മറുപടിക്ക്

### ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, സണ്ണി ജോസഫ്<br>,, അനിൽ അക്കര : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതിയായ ആർദ്രം മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആരോഗ്യവകുപ്പിൽ നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയുടെ പൊതുവെയുള്ള പ്രവർത്തനം ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറി അംഗവുമായിട്ടുള്ള സമിതി വിലയിരുത്തുന്നുണ്ട്. കൂടാതെ ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ (NHM), ആരോഗ്യവകുപ്പ് ഡയറക്ടർ അടങ്ങുന്ന സംസ്ഥാന തല മാനേജ്മെന്റ് യൂണിറ്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ വൈസ് ചെയർമാനുമായുള്ള ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് എന്നിവ ഫാമിലി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ മുഴവൻ പൗരൻമാരുടെയും ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരസഞ്ചയം സൃഷ്ടിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും എല്ലാ പ്രദേശത്തേയും എല്ലാ വിഭാഗം ജനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് ലക്ഷം പേരുടെ ഒരു ബൃഹത്ത് സർവ്വേ നടത്തുന്നതിനായി ആരോഗ്യവകുപ്പ് കേരള ഹെൽത്ത് ഒബ്സർവേറ്ററി എന്ന ഒരു പഠനം ആരംഭിച്ചിരുന്നുവെങ്കിലും പിന്നീട് ചില കാരണങ്ങളാൽ ഈ സർവ്വേ നടത്തുന്നതിലേയ്ക്കായി അച്യുതമേനോൻ |

| | | | |
|---|---|---|---|
| | | | സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിനെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | രോഗികളായി കണ്ടെത്തിയിട്ടുള്ളവർക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | രോഗികളായി കണ്ടെത്തിയിട്ടുള്ളവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പകർച്ചവ്യാധികളോടൊപ്പം ജീവിതശൈലീ രോഗങ്ങളുടെയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉതകുന്ന പ്രാഥമിക ആരോഗ്യനയം രൂപീകരിക്കുന്നതിനുള്ള വെല്ലുവിളികൾ എന്തൊക്കെയാണ്; | (ഡി) | ജീവിതശൈലീ രോഗങ്ങൾ ജനങ്ങളുടെ ജീവിതരീതിയിൽ വന്ന കാതലായ ശൈലീ മാറ്റങ്ങളുടെ പരിണിത ഫലമായി വന്ന അവസ്ഥയാണ്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, പുകയില, മദ്യപാനം തുടങ്ങിയ ലഹരിയോടുള്ള ആസക്തി, മാനസികപിരിമുറുക്കം എന്നിവയാണ് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണമായി കണ്ടുവരുന്നത്. ഈ ശൈലീ മാറ്റങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ പങ്കാളിത്തമാണ് ഇതിന് ഏറ്റവും പ്രധാനമായ ഘടകം. ആരോഗ്യവകുപ്പിന് പുറമേ മറ്റ് എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ട നടപടികൾ കൂടി ക്രോഡീകരിച്ചെങ്കിൽ മാത്രമേ ആരോഗ്യനയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാധിക്കുകയുള്ളൂ. ഈ ഏകോപനമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ വെല്ലുവിളിയായി കണക്കാക്കപ്പെടുന്നത്. |
| (ഇ) | ഈ വർഷം സംസ്ഥാനത്ത് പകർച്ചവ്യാധികളും വിവിധ തരം പനിയും പടർന്നു പിടിച്ച് ജനസംഖ്യയിൽ 10 ശതമാനത്തിലധികം പേർ അസുഖ ബാധിതരായപ്പോൾ ആർദ്രം മിഷൻ ക്രിയാത്മകമായ എന്ത് | (ഇ) | പൊതുമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുക. ആശുപത്രി സംവിധാനങ്ങൾ രോഗീസൗഹൃദമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ആർദ്രം മിഷന് രൂപം കൊടുത്തിട്ടുള്ളത്. ആർദ്രം മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. |

| | | | |
|---|---|---|---|
| | ഇടപെടലുകളാണ് നടത്തിയത് എന്ന് വെളിപ്പെടുത്താമോ? | | പനിയും പകർച്ചവ്യാധിയും തടയുന്നതിന് നിലവിലുള്ള സർക്കാർ ആശുപത്രി സംവിധാനങ്ങൾ കുറ്റമറ്റനിലയിലാണ് പ്രവർത്തിച്ചിട്ടുള്ളത്. ആർദ്രം മിഷൻ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതോടെ ചുവടെ ചേർത്തിട്ടുള്ള ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ കഴിയും. പ്രാഥമിക ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ പകർച്ചവ്യാധി നിയന്ത്രണ ചികിത്സാ സംവിധാനങ്ങളിൽ ഉൾപ്പെടുത്തുവാനുള്ള നടപടികളും ഉൾക്കൊള്ളുന്നതാണ്. ജില്ലാ താലൂക്ക് ആശുപത്രികളുടെ ശാക്തീകരണവും അധികമായി തസ്തിക സൃഷ്ടിക്കലും വഴി , ഈ ആശുപത്രികളിലെ പകർച്ചവ്യാധികൾ അടക്കമുള്ള രോഗ ചികിത്സകൾ ശക്തിപ്പെടുത്തി വരികയാണ്. ആരോഗ്യരംഗത്തെ വികേന്ദ്രീകൃത ആസൂത്രണവും , പകർച്ചവ്യാധി രോഗങ്ങളെ നിർണ്ണയിക്കുന്ന സാമൂഹിക ഘടകങ്ങളെ പരിഹരിക്കാനുള്ള നടപടികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ട് വഴി നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. കൈപുസ്തകങ്ങളും SHRC വഴി തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രാഥമിക തലത്തിലുള്ള സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതി മുഖേന ഡോക്ടർ. , സ്റ്റാഫ് നേഴ്സ്, ലാബ് ടെക് നീഷ്യൻ തുടങ്ങിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതിലൂടെ പ്രാഥമിക തലത്തിൽ തന്നെ രോഗനിർണ്ണയം നടത്താനും മെച്ചപ്പെട്ട ചികിത്സ നൽകുവാനും ആർദ്രം പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്. പകർച്ചവ്യാധി നിയന്ത്രണങ്ങളുമായി കൈകൊണ്ട പ്രത്യേക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | | | ചുവടെ ചേർക്കുന്നു.<br><br>1. പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടു പിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക നിരീക്ഷണവും ശക്തിപ്പെടുത്തി.<br><br>2. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ധസമിതികൾ സന്ദർശിച്ച് രോഗപ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.<br><br>3. കൊതുക സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം , വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS) വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്ങ്) കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്യുകയുണ്ടായി.<br><br>4. സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.<br><br>5. ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലും ആയി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശ പ്രകാരം കൊതുക് , കൂത്താടി നശീകരണ പ്രവർത്തനങ്ങൽ ശക്തിപ്പെടുത്തുകയുണ്ടായി.<br><br>6. മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.<br><br>7. രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി. സമയം |

| | | | |
|---|---|---|---|
| | | | ദീർഘിപ്പിച്ചു.<br><br>8. മഴക്കാല പൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.03.2017-തീയതിയിൽ യോഗം കൂടി.<br><br>9. വിവിധ വകുപ്പു തലവൻമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 02.03.2017 തീയതിയിൽ കൂടി പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളു മായി ചേർന്ന് നടപടി കൈകൊള്ളുവാൻ തീരുമാനിച്ചു.<br><br>10. ഗവ. മെഡിക്കൽ കോളേജ്, സ്വകാര്യ മെഡിക്കൽ കോളേജ്, പ്രതിനിധികളുടെ യോഗം ചേർന്ന് സമയ ബന്ധിതമായി രോഗവിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു.<br><br>11. ഐ.എം.എ വഴി സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് ഡങ്കി ചികിത്സാ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൽ നൽകി.<br><br>12 പത്ര, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖ വിതരണം, പോസ്റ്റർ, റയിൽവേ സ്റ്റേഷൻ, സിനിമാ തിയേറ്റർ എന്നിവിടങ്ങളിൽ എൻ.എച്ച്.എം-ന്റെ സഹായത്തോ ടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രചരണങ്ങൾ എന്നിവ നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ